**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3790** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുസാറ്റിന്റെ കുട്ടനാട് ക്യാമ്പസ് നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന കുട്ടനാട്ടിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുസാറ്റിന്റെ കുട്ടനാട് ക്യാമ്പസ് നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കുട്ടനാട് ക്യാമ്പസിൽ അക്കാദമിക് ബ്ലോക്കിന്റെ എക്സ്റ്റൻഷനു വേണ്ടി 25.37 കോടിയുടെ പ്രൊപ്പോസൽ സർവകലാശാല നബാഡിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലാബ് ബ്ലോക്കിനും, ഗസ്റ്റ് ഹൗസിനുമായുള്ള പ്രൊപ്പോസലുകളും നബാഡിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമ്പസിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ തനതു ഫണ്ടും PTA, Alumini എന്നിവയിൽ നിന്നുള്ള ഫണ്ടും ഉപയോഗിച്ച് ക്യാമ്പസിൽ ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനു വേണ്ടി 68 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.<br><br>ലാബുകളുടേയും, അക്കാദമിക് കെട്ടിടങ്ങളുടേയും കാലപ്പഴക്കം ചെന്ന റൂഫിംഗ് ഷീറ്റ് മാറ്റി പുതിയ ജി.ഐ ഷീറ്റ് ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വർക്ക്ഷോപ്പിലേക്കുള്ള റോഡ് മണ്ണിട്ട് പൊക്കി ടൈൽ പാകുന്ന പ്രവൃത്തികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ